വേണ്ടി കൊണ്ടുവന്ന ഈ നയപ്രഖ്യാപന പ്രസംഗത്തേയും അതിനുള്ള നന്ദിപ്രമേയത്തേയും ഞാൻ എതിർക്കുന്നു.

IX. വ്യക്തിപരമായ വിശദീകരണം

വസ്തുതാവിരുദ്ധമായി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം. എൽ. എ. സംസാരിക്കുമ്പോൾ ***എനിക്കെതിരെ അടിസ്ഥാനരഹിതമായ.....അദ്ദേഹം അങ്ങനെ സമ്മതിച്ചുകൊണ്ടായിരുന്നു പ്രസംഗം. അടിസ്ഥാനരഹിതമായ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പേഴ്സണൽ എക്സ്പ്ലനേഷൻ....(ബഹളം)...

ശ്രീ. പി. സി. ജോർജ്: ക്ഷമിക്കണം. ഞാൻ ഇത് സമ്മതിക്കില്ല സർ.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്....പ്ലീസ്....പ്ലീസ്...പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുപറഞ്ഞാൽ *** അത് പറയേണ്ട.

ശ്രീ. പി. സി. ജോർജ്: ഞാൻ പറയുന്നത് കേൾക്കുക..... പറയുന്നത് കേൾക്കണം സർ.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഉണ്ടായ സംഭവം മാത്രം .....

ശ്രീ. പി. സി. ജോർജ്: അദ്ദേഹം സ്വയം സമ്മതിച്ചതാണ്..... അദ്ദേഹം സ്വയം സമ്മതിച്ചതാണ്....(ബഹളം)....അദ്ദേഹം സ്വയം സമ്മതിച്ചതാണെന്ന് മനസ്സിലാക്കണം. ഞാനല്ല..... സംസാരിക്കാൻ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്....(ബഹളം)....പേഴ്സണൽ എക്സ്പ്ലനേഷൻ മാത്രം പറയുക....(ബഹളം).....

ശ്രീ. പി. സി. ജോർജ്: അതിന് പറയാൻ അനുവദിക്കണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഒന്ന് ഇരിക്കൂ...പറഞ്ഞുകഴിയട്ടെ....പറഞ്ഞുകഴിയട്ടെ....പി. സി. ജോർജ് പറയുക.....(ബഹളം)..... അത് പറയാം.....അത് പറയാം....എന്താണ് പറയാൻ വന്നത്?

ശ്രീ. പി. സി. ജോർജ്: ഇരിക്കാൻ പറയുക. അങ്ങനെയൊന്നും അങ്ങ് പോകേണ്ട. എനിക്ക് പറയാനുള്ളത് പറയണം. ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പറയട്ടെ....നോ....നോ....അത് പെയറിൽ നിന്ന് നീക്കേണ്ടത് നീക്കും. പ്ലീസ്....അത് പറയട്ടെ....(ബഹളം)....ഇല്ല....ഇല്ല....നോ..... അത് തെറ്റാണെന്ന് പറഞ്ഞുകഴിഞ്ഞു. പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുപറഞ്ഞാൽ വ്യക്തിപരമായി ബാധിക്കുന്ന വിഷയം മാത്രം പറയുക. .....(ബഹളം).....അങ്ങ് ഇരിക്കൂ....(ബഹളം)....പറഞ്ഞു കഴിയട്ടെ.....(ബഹളം)

*** അപകീർത്തികരമായ പരാമർശങ്ങൾ അധ്യക്ഷന്റെ നിർദ്ദേശപ്രകാരം അവൈലബിൾ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൽഫോൺസ് കണ്ണന്താനം: .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അതുകഴിഞ്ഞ് പറയാം. പ്ലീസ്.....നോ..... നോ....ഇരിക്കൂ...അങ്ങ് ഇരിക്കൂ. പറയൂ.....പറയൂ.....നോ....നോ.....പി. സി. ജോർജിനെ വ്യക്തിപരമായി ബാധിക്കുന്ന വിഷയമുണ്ടെങ്കിൽ മാത്രം പറയുക. *** എന്നൊന്നും ഇവിടെ പറയാൻ ആവില്ല. അത് തെറ്റാണ്. അത് നിയമസഭയിലെ രേഖയിലുണ്ടാകില്ല. രേഖയിലുണ്ടാകില്ല. അത് അംഗീകരിക്കാനാകില്ല.

ശ്രീ. പി. സി. ജോർജ്: *** ഞാനല്ല പറഞ്ഞത്. അദ്ദേഹം പറഞ്ഞു വെന്നാണ് പറഞ്ഞത്. അദ്ദേഹം ഇവിടെ പറഞ്ഞ..... എന്നെപ്പറ്റി പറഞ്ഞ അടിസ്ഥാനരഹിതമായ കാര്യങ്ങൾ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല. പറയില്ല.

ശ്രീ. പി. സി. ജോർജ്: അടിസ്ഥാനരഹിതവും പൂർണ്ണമായി കളവുമായ കാര്യങ്ങൾ ഞാൻ നിഷേധിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അത്ര മാത്രം മതി.

ശ്രീ. പി. സി. ജോർജ്: അത് പോരല്ലോ? കാര്യങ്ങൾ പറയണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം വേഗം പറയുക.

ശ്രീ. പി. സി. ജോർജ്: അതല്ലല്ലോ? അദ്ദേഹം പറഞ്ഞത് കേട്ടപ്പോൾ പല ഐ.എ.എസ്.-കാർക്കും ഇവിടത്തെ മാഫിയ സംഘങ്ങൾക്കുമൊക്കെ സുഖം തോന്നിക്കാണും. അദ്ദേഹം പറഞ്ഞതിലെ പ്രധാനപ്പെട്ട കാര്യം, ഞാൻ എരുമേലി റെയിൽവേക്കെതിരായി എന്തോ ചെയ്തുവെന്നുള്ളതാണ്. അതിൽ വെള്ളാപ്പള്ളി നടേശന്റെ പേരും അദ്ദേഹം വലിച്ചിഴയ്ക്കുകയുണ്ടായി. ഇതുമായി ഒരു ബന്ധവുമുള്ള കാര്യമല്ല. അദ്ദേഹം എരുമേലി എന്നുള്ള സ്ഥലത്ത് പത്രസമ്മേളനം നടത്തി ഞാനും ബഹുമാനപ്പെട്ട പാലാ മെമ്പറും ബഹുമാനപ്പെട്ട വാഴൂർ മെമ്പറും ചേർന്ന് ശബരിമല-എരുമേലി റെയിൽവേയ്ക്കുപകരം ശബരിമല-വള്ളക്കടവ് റെയിൽവേക്ക് നിവേദനം കൊടുത്തു. അതിന് തെളിവുകൾ എന്റെ കൈവശമുണ്ടെന്ന് പറഞ്ഞു. പ്രാദേശിക പത്രത്തിൽ വലിയ വാർത്തയായി വന്നു. സത്യം എന്താണെന്ന് അറിയാമോ സർ? ആ നിവേദനം കൊടുക്കുന്നത് 2007 മാർച്ചിലാണ്.

*****ബഹുമാനപ്പെട്ട സഭാംഗത്തിന്റെ ഉത്തരവിൽ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

2007 മാർച്ചിൽ ഞാനും....(ബഹളം)....ഞാൻ റിക്കാർഡ് ഹാജരാക്കാം. അന്ന് ഞാനും പാലാ മെമ്പറുമായി മിണ്ടുകപോലുമില്ല. യഥാർത്ഥ സത്യമെന്താണെന്നറിയാമോ? ഞാനും ബഹുമാനപ്പെട്ട വാഴൂർ എം.എൽ.എ.-യും ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം.എൽ.എ. ആയ ശ്രീ. അൽഫോൺസ് കണ്ണന്താനവും ഒപ്പിട്ട് വള്ളക്കടവ് പദ്ധതി നടപ്പാക്കണമെന്ന് പറഞ്ഞ് ലാലു പ്രസാദ് യാദവിന് ഡൽഹിയിൽ കൊണ്ടുപോയി കൊടുത്തു. അങ്ങ് ക്ഷമിക്കണം. ഞാനും ശ്രീ. അൽഫോൺസ് കണ്ണന്താനവും കൂടി നിവേദനം കൊടുത്തു. ഞാനും ശ്രീ. അൽഫോൺസ് കണ്ണന്താനവും കൂടി കൊടുത്ത നിവേദനം ഞാനും പാലാ മെമ്പറും വാഴൂർ മെമ്പറുമാണെന്ന് അദ്ദേഹം പത്ര സമ്മേളനം നടത്തി. ഞാൻ എന്റെ കയ്യിലുള്ള റിക്കാർഡിന്റെ അടിസ്ഥാനത്തിൽ ഞാനും ശ്രീ. അൽഫോൺസ് കണ്ണന്താനവും ചേർന്നുകൊണ്ടാണ് ശ്രീ. ലാലു പ്രസാദ് യാദവിന് നിവേദനം കൊടുത്തതെന്ന് എതുമേലി പത്രക്കാരോട് പറഞ്ഞു. റിക്കാർഡിന്റെ അടിസ്ഥാനത്തിൽ അതും വാർത്തയായി. അന്നുമുതൽ അദ്ദേഹം ഇത്തരം പ്രചരണങ്ങൾ തുടങ്ങി. അദ്ദേഹം ചോദിച്ചത് പുഞ്ചാർകാർ എങ്ങനെ എന്നെ സഹിക്കുന്നുവെന്നാണ്. അങ്ങ് മനസ്സിലാക്കണം. ഞാൻ അങ്ങയോട് പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ പറഞ്ഞതിന് മാത്രം മറുപടി പറഞ്ഞാൽ മതി.

ശ്രീ. പി. സി. ജോർജ്: അതിനുള്ള മറുപടി മാത്രമേ പറയുന്നുള്ളൂ. അങ്ങ് ക്ഷമിക്കണം. ഇവിടെ പറഞ്ഞ കാര്യമല്ലാതെ ഒന്നും ഞാൻ പറയില്ല സർ. .....(ബഹളം)...1980-ലും 1982-ലും 1987-ലും 1996-ലും.

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്...അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. പി. സി. ജോർജ്: അങ്ങ് ഇങ്ങനെ ചെയ്യുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ പറഞ്ഞതിന് മാത്രം മറുപടി പറഞ്ഞാൽ മതി.

ശ്രീ. പി. സി ജോർജ്: ഞാൻ ഇതിന് മാത്രം മറുപടി പറയാം. അങ്ങ് അനുവദിക്കണം. ഞാൻ ഒരു മനുഷ്യനല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: പറയൂ..

ശ്രീ. പി. സി. ജോർജ്: 2006-ൽ ഉൾപ്പെടെ അഞ്ച് പ്രാവശ്യം പൂഞ്ഞാറിലെ ജനങ്ങളുടെ വോട്ട് വാങ്ങിക്കൊണ്ടാണ് ഞാൻ ഈ സഭയിൽ വന്നത്. ഒരു പ്രാവശ്യമല്ല. ഓരോ പ്രാവശ്യവും എന്റെ വോട്ടുകളുടെ എണ്ണം കൂടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊന്നും ഇതിൽ വിഷയമല്ലല്ലോ? അതൊന്നും വിഷയമല്ല. പേഴ്സണൽ എക്സ്പ്ലനേഷൻ എന്നുപറഞ്ഞാൽ ഇതൊന്നുമല്ല.

ശ്രീ. പി. സി. ജോർജ്: സർ, ജീവിതം മുഴുവൻ തട്ടിപ്പെന്നാണ് പറഞ്ഞത്. അത് വിശദീകരിക്കണ്ടേ എനിക്ക്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: യേസ്...അത് കഴിഞ്ഞു. അങ്ങ് സംസാരിച്ചു കഴിഞ്ഞു.

ശ്രീ. പി. സി. ജോർജ്: എനിക്ക് ഒരു വാക്ക് പറയണം. ഞാൻ പ്രതിപക്ഷത്തിരുന്നപ്പോൾ.....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസംഗം വേണ്ട, പേഴ്സണൽ എക്സ്പ്ലനേഷൻ മതി.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പറയട്ടെ. 1980 മുതൽ 1982 വരെ മാണി ഗ്രൂപ്പും ഞാനുമായി ശത്രുതയിലായിരുന്നു. ഈ സഭയിൽ അങ്ങ് ഉൾപ്പെടെ ഇരിക്കുമ്പോൾ എത്രയോ പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള കാര്യമാണ് എന്റെ പേരിലുള്ള ആരോപണങ്ങൾ. ഈ സഭയിൽ നൂറ് പ്രാവശ്യം വന്നിട്ടുണ്ട്, റിക്കാർഡ് പരിശോധിക്കണം സർ. ഞാൻ ജീവിതത്തിൽ ഒരു മനുഷ്യനോടും ഒരു നയാ പൈസ പോലും വാങ്ങിയിട്ടില്ല. ഞാൻ ഈ ജഡ്ജ്മെന്റ് ഇവിടെ വായിച്ചല്ലോ? നിങ്ങൾ ചിരിക്കും. എന്താണെന്ന് അറിയാമോ? അവർ പറയട്ടേ.....(ബഹളം).... ചോദിക്കണം. ഞാൻ പറയാം. എന്നെ പറയാൻ അനുവദിക്കണം. ഞാൻ തോറ്റപ്പോൾ എന്നെ തോൽപ്പിച്ച് എൻ. എം. ജോസഫ് ഇരുന്ന കാബിനറ്റ് .....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പേഴ്സണൽ എക്സ്പ്ലനേഷൻ മതി. ഇത്ര നീട്ടിക്കൊണ്ടുപോകാൻ പാടില്ല.

ശ്രീ. പി. സി. ജോർജ്: എന്ത് പറഞ്ഞാലും സത്യം പറയണം സർ. എന്നെ തോൽപ്പിച്ച് എൻ. എം. ജോസഫ് ഇരുന്ന കാബിനറ്റ്, ആ കമ്മീഷനെ പിരിച്ചുവിട്ടു. ഈ കമ്മീഷൻ പ്രിജുഡിസമാണെന്ന് പറഞ്ഞു. ആ കമ്മീഷന്റെ റിപ്പോർട്ട് ഇന്നുവരെ എനിക്ക് കിട്ടിയിട്ടില്ല. കേരള നിയമസഭയിൽ ഞാനും പാലാ മെമ്പറുടെ പാർട്ടിയും തമ്മിൽ തർക്കമുള്ളപ്പോൾ ഈ സഭയിൽ ഒരു 100 പ്രാവശ്യം ചർച്ച ചെയ്ത പ്രശ്നം ഇപ്പോൾ കൊണ്ടുവന്ന് പൊക്കിക്കൊണ്ടി ക്കുകയാണ്. ഇപ്പോൾ പൂഞ്ഞാർ നിയോജക മണ്ഡലം വന്നുകഴിഞ്ഞതിന്റെ പേരിൽ .....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് തമ്മിൽ ഒരു തർക്കമാക്കിക്കൊണ്ട് പോകേണ്ട. പറഞ്ഞത് മാത്രം പറയുക.

ശ്രീ. പി. സി. ജോർജ്: ഇതൊക്കെ അങ്ങനെ സഭയിൽ വരാതെ പോകുന്നത് ശരിയല്ല. ഒരു ഫോൺ നമ്പർ അദ്ദേഹം പറഞ്ഞു. ഞാൻ സത്യം ചെയ്ത് പറയുന്നു, അങ്ങനെയൊരു ഫോൺ എനിക്കില്ല. എനിക്കി ല്ലാത്ത ഫോണിൽ ഞാൻ ആരെ വിളിക്കും, അങ്ങ് പറയണം. അതുകൊണ്ട് വസ്തുതാവിരുദ്ധമായി പറഞ്ഞ കാര്യങ്ങൾ മുഴുവൻ റൂൾ 307 അനുസരിച്ച് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.45-ന് പിരിഞ്ഞു.)